ഉത്തരം

(എ) റോഡുകളിൽ മെയിന്റനൻസ് ആവശ്യമായി വരുന്നതനുസരിച്ച് മെയിന്റനൻസ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതൊരു നിരന്തരമായ പ്രക്രീയ ആയതിനാൽ ഇതിന് കൃത്യമായ കി. മി. കണക്ക് എടുത്തിട്ടില്ല.

(ബി) ഏകദേശം 450 കോടി രൂപ

(സി & ഡി) മെയിന്റനൻസ് ആവശ്യമുള്ള റോഡുകളുടെ പണി മുൻഗണനാ ലിസ്റ്റ് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സമയബന്ധിതമായി നടത്തിവരുന്നു.

റോഡുകൾ വെട്ടിക്കുഴിക്കുന്നതുമൂലം നേരിടുന്ന പ്രശ്നങ്ങൾ

41 (1980) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാതൊരു മുന്നറിയിപ്പുകളുമില്ലാതെ വിവിധ ആവശ്യങ്ങൾക്കായി റോഡുകൾ വെട്ടിക്കുഴിക്കുന്നതുമൂലം യാത്രക്കാരും വാഹനം ഓടിക്കുന്നവരും നേരിടുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള വെട്ടിക്കുഴിക്കലുകൾ കർശനമായി നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും മറ്റും കുഴിക്കുന്ന റോഡ് അപ്പോൾ തന്നെ പൂർവ്വ സ്ഥിതിയിൽ ആക്കുന്നത് ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റ് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ റോഡുകൾ വെട്ടിപ്പൊളിച്ച് പൈപ്പ്ലൈൻ, ടെലിഫോൺ, കേബിൾ മുതലായവ സ്ഥാപിക്കുന്നതിനും വ്യക്തമായ ഉത്തരവുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കാറുണ്ട്. ഒരു സ്ഥിരം സംവിധാനമെന്ന നിലയിൽ സ്റ്റേറ്റ് തലത്തിലും ജില്ലാ തലത്തിലും കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും പ്രതിനിധികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കൂടി വിശദമായ ചർച്ച നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) കുഴിക്കുന്ന ഭാഗങ്ങൾ നേരത്തേകൂട്ടി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കുകയും കുഴിക്കുന്ന ഭാഗം മാർക്ക് ചെയ്ത് അവ കുഴിച്ചതിനുശേഷം മണ്ണ് ഇട്ട് മൂടിയശേഷമേ തുടർന്ന് കുഴിക്കുന്നതിനുള്ള അനുവാദം നൽകുകയുള്ളൂ. ഈ വിവരം ബന്ധപ്പെട്ട ഏജൻസികളെ അറിയിച്ചിട്ടുണ്ട്. ഈ സംവിധാനം തുടർന്ന് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly